# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:6889 13.07.2012 - ൽ മറുപടിക്ക്

## ടെട്രാ പായ്ക്കിൽ കുടിവെള്ളം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. കെ. കെ.നാരായണൻ<br>ശ്രീ. പി. റ്റി. എ. റഹീം<br>ശ്രീ. സാജു പോൾ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | |
| --- | --- |
| (എ) ശുദ്ധമായ കുടിവെള്ളം പരിസ്ഥിതി സൗഹൃദമായ ടെട്രാ പായ്ക്കിൽ വിതരണം ചെയ്യാനായി ജലവിഭവ വകുപ്പ് എവിടെയൊക്കെയാണ് ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നതെന്നറിയിക്കാമോ;<br><br>(ബി) ഈ പ്ലാന്റുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;<br><br>(സി) പ്രസ്തുത പദ്ധതി പ്രാവർത്തികമാകാതെ പോയതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) (ബി) & (സി) ശുദ്ധമായ കുടിവെള്ളം പരിസ്ഥിതി സൗഹൃദമായ ടെട്രാ പായ്ക്ക് അഥവാ പേപ്പർ പായ്ക്കിലാക്കി വില്പന നടത്തുന്നതിന് കോഴിക്കോട് ജില്ലയിലെ തുഷാരഗിരിയിലും, ഇടുക്കി ജില്ലയിലെ തൊടുപുഴയിലും പ്ലാന്റുകൾ സ്ഥാപിക്കാൻ വേണ്ടിയുള്ള പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുവാൻ കേരള വാട്ടർ അതോറിറ്റിയുടെ കൺസൾട്ടിംഗ് വിംഗായ വാസ്കോണിനെ ഏൽപ്പിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ